187 (3254) പി.ഡബ്ല്യു.ഡി. എഞ്ചിനീയർ തസ്തിക

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള എഞ്ചിനീയർ സർവ്വീസ് റൂൾ പ്രകാരം ആകെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക യിൽ എത്ര ശതമാനമാണ് സർവ്വീസിലിരുന്ന് ഡിഗ്രി എടുത്തിട്ടുള്ള ഓവർസി യർക്കായി നീക്കിവച്ചിട്ടുള്ളത്;

(ബി) ഈ കാറ്റഗറിയിൽ അവസാനമായി നിയമനം നടന്നിട്ടുള്ളത് എന്നാണ്;

(സി) അതിനുശേഷം നാളിതുവരെയായി പ്രസ്തുത കാറ്റഗറിയിൽ നിയ മനം നടക്കാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) പ്രസ്തുത കാറ്റഗറിയിൽ ഇപ്പോൾ എത്ര അസിസ്റ്റന്റ് എഞ്ചിനീ യർമാരുണ്ട്;

(ഇ) ഈ കാറ്റഗറിയിലേയ്ക്കുള്ള ഒഴിവുകളിൽ നിയമനം നടത്തുന്ന തിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 6% എഞ്ചിനീയ റിംഗ് ഡിഗ്രിയുള്ള ഡിപ്ലോമക്കാർക്കായി നീക്കിവച്ചിട്ടുണ്ട്.

(ബി) 1990-ൽ.

(സി) 1990 ഏപ്രിൽ ഒന്നു മുതൽ ബൈഫർക്കേഷൻ വന്നതുകൊണ്ട് ഒഴിവുകൾ നിലവിലില്ലാത്തതു കാരണം പ്രസ്തുത കാറ്റഗറിയിൽ പി.ഡബ്ല്യു.ഡി. യിൽ നിയമനം നടന്നിട്ടില്ല.

(ഡി) 16

(ഇ) സ്വീകരിച്ചുവരുന്നു.

188 (3255) പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയർമാർ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.4.99-ൽ പൊതുമരാമത്ത് വകുപ്പിൽ ഡിഗ്രി, ഡിപ്ലോമ, സർട്ടി ഫിക്കറ്റ് എന്നീ മൂന്നുതരത്തിൽ യോഗ്യതയുള്ള എത്ര എഞ്ചിനീയർമാർ ഉണ്ട്;

(ബി) ഇവരുടെ നിയമനത്തിൽ എന്തെങ്കിലും റേഷ്യോ നിശ്ചയിച്ചി ട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഈ റേഷ്യോ പ്രകാരമാണോ നിയമനവും ഉദ്യോഗക്കയറ്റവും നൽകുന്നത്; അല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)	ഡിഗ്രിക്കാർ	:	976
	ഡിപ്ലോമക്കാർ	:	265
	സർട്ടിഫിക്കറ്റുകാർ	:	76
	ആകെ	:	1317

LIBRARY ARCHIVES Kerala Legislative Assembly